സർവീസ് പെൻഷണേഴ്സ് യൂണിയൻ മണ്ണന്തല യൂണിറ്റ്

തിരുവനന്തപുരം : കേരള സ്റ്റേറ്റ് സർവീസ് പെൻഷണേഴ്സ് യൂണിയൻ മണ്ണന്തല യൂണിറ്റ് വാർഷികം പെൻഷൻ ഭവനിൽ യൂണിയൻ ജനറൽ സെക്രട്ടറി ആർ. രഘുനാഥൻ നായർ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് എം. വസന്തകുമാരി അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗം ഭാസ്കരൻ, ബ്ലോക്ക് കമ്മിറ്റി അംഗങ്ങളായ എസ്. ശിവദാസൻ, എസ്. ഉദയകുമാർ എന്നിവർ സംസാരിച്ചു. ഭാരവാഹികളായി എം. അബ്ദുൽ ജലാൽ (പ്രസിഡന്റ്), പി. സഹദേവൻ, പി. മോഹനൻ നായർ (വൈസ് പ്രസിഡന്റുമാർ), എസ്. ശ്യാംകുമാർ (സെക്രട്ടറി), സി. ഗംഗാധരൻ, വി. ബാലചന്ദ്രൻ (ജോയിന്റ് സെക്രട്ടറിമാർ), പി.ആർ. രഘു (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

ജില്ലാ കൺവെൻഷൻ

തിരുവനന്തപുരം : ഡിഫറന്റലി ഏബിൾഡ് പീപ്പിൾസ് കോൺഗ്രസിന്റെ (ഡി.എ.പി.സി) ജില്ലാ കൺവെൻഷൻ ഡി.സി.സി ആഡിറ്റോറിയത്തിൽ ജില്ലാപ്രസിഡന്റ് എ. സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ ഡി.എ.പി.സി സംസ്ഥാന പ്രസിഡന്റ് കൊറ്റാമം വിമൽകുമാർ ഉദ്ഘാടനം ചെയ്തു.

ഡി.സി.സി വൈസ് പ്രസിഡന്റ് കടകംപള്ളി ഹരിദാസ് മുഖ്യപ്രഭാഷണം നടത്തി. കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ നയിക്കുന്ന ജനമഹായാത്രയ്ക്ക് എല്ലാ നിയോജക മണ്ഡലങ്ങളിലും ഡി.എ.പി.സിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകാൻ തീരുമാനിച്ചു. ഡി.എ.പി.സി ഭാരവാഹികളായ വെങ്ങാന്നൂർ പ്രസാദ്, പീറ്റർ, ശാനിഖാൻ, വിജയൻ, ബിനുകുമാർ, ലാൽ നേമം, ഫൈസൽ ഖാൻ തുടങ്ങിയവർ പ്രസംഗിച്ചു.

യോഗ ക്ലാസ്

തിരുവനന്തപുരം: കേരള സ്റ്റേറ്റ് ജവഹർ ബാലഭവനിൽ മാർച്ച് 1 ന് തുടങ്ങുന്ന മുതിർന്നവർക്കുള്ള യോഗ ക്ലാസിലേക്ക് പ്രവേശനം ആരംഭിച്ചു. മൂന്ന് മാസമാണ് കോഴ്സിന്റെ കാലാവധി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04712316477

പൂവച്ചലിൽ കോൺഗ്രസ് മണ്ഡലം കമ്മിറ്റി ഓഫീസിന് നേരെ ആക്രമണം

■ കോൺഗ്രസ് പ്രവർത്തകരുടെയും സി.പി.എം വാർഡ് മെമ്പറുടെയും വീടിന് നേരെ കല്ലേറ്

കാട്ടാക്കട: പൂവച്ചലിൽ കോൺഗ്രസ് മണ്ഡലം കമ്മിറ്റി ഓഫീസിന് നേരെയും നാല് വീടുകൾക്ക് നേരെയും ആക്രമണം. തിങ്കളാഴ്ച രാത്രിയോടെയാണ് അക്രമ സംഭവങ്ങൾ അരങ്ങേറിയത്.

മൂന്ന് കോൺഗ്രസുകാരുടെയും ഒരു സി.പി.എം വാർഡ് മെമ്പറുടെ വീടുകൾക്ക് നേരെയുമാണ് ആക്രമണമുണ്ടായത്. തിങ്കളാഴ്ച രാത്രിയിൽ പൂവച്ചൽ ജംഗ്ഷനിലെ കോൺഗ്രസ് മണ്ഡലം കമ്മിറ്റി ഓഫീസ് അടിച്ചുതകർക്കുകയായിരുന്നു. ഓഫീസിൽ മുൻവശത്ത് സ്ഥാപിച്ചിരുന്ന ബോർഡുകൾ നശിപ്പിച്ചു. ഓഫീസിനുള്ളിലെ മേശയും കസേരയും മൈക്ക് സെറ്റും അടിച്ചുതകർത്തു. ഈ കെട്ടിടത്തിന് മുകളിലത്തെ നിലയിൽ ആൾതാമസമുള്ള കെട്ടിടത്തിന്റെ ജനൽച്ചില്ലുകളും കല്ലേറിൽ തകർന്നു. പൂവച്ചൽ കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് സത്യദാസ് പൊന്നെടുത്തകുഴിയുടെ വീട്ടിൽ അക്രമികൾ കല്ലെറിഞ്ഞു. കല്ലേറിൽ വീടിന്റെ മുൻ വശത്തെ ജനൽചില്ലുകൾ തകർന്നു. ശബ്ദംകേട്ട് വീട്ടുകാർ പുറത്തിറങ്ങിയപ്പോഴേക്കും അക്രമികൾ ഓടി രക്ഷപെട്ടുകയായിരുന്നു. പൂവച്ചൽ കോൺഗ്രസ് ബ്ലോക്ക് സെക്രട്ടറിയും എൻ.എസ്.എസ് കരയോഗം പ്രസിഡന്റും, പൂവച്ചൽ റ്റൂറൽ ഹൗസിംഗ് സഹകരണ സംഘത്തിന്റെ പ്രസിഡന്റുമായ സുകുമാരൻ നായരുടെ വീടിനു നേരെയും ആക്രമണമുണ്ടായി. കല്ലേറിൽ വീടിന്റെ ഓട് തകർന്നു. കാപ്പിക്കാട്ട് യൂത്ത് കോൺഗ്രസ് പ്രവർത്തകൻ ഷാനിന്റെ വീട്ടിലെത്തിയ അക്രമികൾ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും കല്ലെറിയുകയുമായിരുന്നു. ഷാനിന്റെ മാതാവ് ബഹളം വച്ചതോടെ അക്രമികൾ ഓടി രക്ഷപെട്ടു. ഇതിനിടെ പൂവച്ചൽ പഞ്ചായത്തിലെ പൂവച്ചൽ വാർഡ് മെമ്പറും സി.പി.എം നേതാവുമായ ജി.ഒ. ഷാജിയുടെ വീടിന് നേരെയും കല്ലേറുണ്ടായി. വീടിന്റെ മുൻ വശത്തെ ജനൽച്ചില്ലുകൾ തകന്നു. അക്രമമുണ്ടായ സ്ഥലങ്ങളിൽ പൊലീസ് പരിശോധന നടത്തി. കോൺഗ്രസ് പ്രവർത്തകരുടെ വീടുകളിൽ ഡി.സി.സി പ്രസിഡന്റ് നെയ്യാറിൻകര സനൽ, കെ.എസ്. ശബരീനാഥൻ എം.എൽ.എ, കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് സി.ആർ. ഉദയകുമാർ എന്നിവർ സന്ദർശിച്ചു. ഗ്രാമ പഞ്ചായത്തംഗം ജി.ഒ. ഷാജിയുടെ വീട്ടിൽ സി.പി.എം കാട്ടാക്കട ഏരിയാ കമ്മിറ്റിയംഗങ്ങൾ സന്ദർശിച്ചു.

പൂവച്ചൽ കോൺഗ്രസ് മണ്ഡലം കമ്മിറ്റി ഓഫീസിന് നേരെ നടന്ന ആക്രമണത്തിൽ ബോർഡുകൾ തകർത്ത നിലയിൽ

പണിമൂല അമ്മ കാവ്യ പുരസ്കാരം സമ്മാനിച്ചു

പോത്തൻകോട് : ശ്രീപണിമൂല ദേവീക്ഷേത്രത്തിലെ പ്രതിഷ്ഠാവാർഷിക പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയ പണിമൂല അമ്മ കാവ്യ പുരസ്കാരം കാവാലം ശ്രീകുമാറിന് മുൻ ഡെപ്യൂട്ടി മേയർ പാലോട് രവി സമ്മാനിച്ചു.

പണിമൂല ദേവീക്ഷേത്ര ട്രസ്റ്റ് സെക്രട്ടറി ആർ.ശിവൻകുട്ടിനായർ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് നടന്ന കാവ്യ സന്ധ്യയിൽ ശ്രീകുമാർ വാസുദേവൻ, എം.ആർ. ഗോപൻ, പകൽക്കുറി വിശ്വൻ, ട്രസ്റ്റ് ട്രഷറർ എ. രവീന്ദ്രൻനായർ, ചായം ധർമ്മരാജൻ, സുധാകരൻ ചന്തവിള, സന്തോഷ് തോന്നയ്ക്കൽ, ചാന്നാങ്കര ജയപ്രകാശ്, പണിമൂല ചന്ദ്രൻ, പണിമൂല അജിത്ത്, ഇടത്തറ ഭാസി തുടങ്ങിയവർ കവിതാലാപനം നടത്തി സംസാരിച്ചു. ചടങ്ങിൽ പണിമൂല ദേവീക്ഷേത്ര ട്രസ്റ്റ് ജോയിന്റ് സെക്രട്ടറി കെ. വിജയകുമാർ സ്വാഗതവും ട്രസ്റ്റ് വൈസ് പ്രസിഡന്റ് നാരായണൻ നായർ നന്ദിയും പറഞ്ഞു.

പൊങ്കാല ദിവസമായ ഇന്ന് രാവിലെ 5 ന് നിർമ്മാല്യം, 6 ന് ഗണപതിഹോമം, 7 ന് ക്ഷേത്രതന്ത്രി കണ്ഠരര് രാജീവരരുടെ മുഖ്യ കാർമികത്വത്തിൽ ലക്ഷാർച്ചന, 9 ന് പൊങ്കാല ഉത്സവ സമർപ്പണ സമ്മേളനം അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ബായി ഉദ്ഘാടനം ചെയ്യും. 10.30 ന് മേൽശാന്തി കെ.കൃഷ്ണപ്രസാദ് പണ്ടാരഅടുപ്പിൽ അഗ്നി ജ്വലിപ്പിക്കും. തുടർന്ന് സമൂഹ പൊങ്കാല, 11 ന് അന്നദാനം, 1.30 ന് പൊങ്കാല നൈവേദ്യം, വൈകിട്ട് 6.30 ന് ലക്ഷാർച്ചന സമർപ്പണം, ഉടർന്ന് ദീപാരാധന.

കെ.എസ്.ആർ.ടി.സി ബസുകൾ ഫുട്പാത്തിൽ നിന്ന് എടുത്തുമാറ്റി

തിരുവനന്തപുരം: കോട്ടയ്ക്കത്തെ ട്രാൻസ്പോർട്ട് ഭവന് മുന്നിൽ കാൽനടയാത്രക്കാർക്ക് ഭീഷണിയായി ഫുട്പാത്തിൽ പാർക്ക് ചെയ്ത രണ്ട് കെ.എസ്.ആർ.ടി.സി ബസുകൾ ഒടുവിൽ അധികൃതർ എടുത്തുമാറ്റി.

'കെ. എസ്. ആർ. ടി. സിക്ക് ഫുട്പാത്തിലെ നോ പാർക്കിംഗ് ബാധകമല്ല' എന്ന തലക്കെട്ടിൽ കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ച വാർത്തയെത്തുടർന്നാണ് നടപടിയുണ്ടായിരിക്കുന്നത്.

ജനുവരി 15നാണ് നഗരസഭയുടെ ലൈസൻസുള്ള വഴിയോരകച്ചവടക്കാരുടെ കട സ്ഥിതിചെയ്യുന്ന ഫുട്പാത്തിൽ കണ്ടം ചെയ്യാനുള്ള കെ.എസ്.ആർ.ടി.സി ബസ് അധികൃതർ പാർക്ക് ചെയ്തത്. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പദ്മനാഭസ്വാമി ക്ഷേത്ര ദർശനത്തിനായി സുരക്ഷയൊരുക്കുന്നതുമായി ബന്ധപെട്ട് കോട്ടയ്ക്കകത്തുള്ള വഴിയോര കച്ചവടക്കാരോട് തത്കാലത്തേക്ക് കടകൾ ഒഴിയണമെന്ന് പൊലീസ് ആവശ്യപ്പെട്ടിരുന്നു.

ഇതേത്തുടർന്ന് 14ന് ഉച്ചയോടെ കച്ചവടക്കാർ കടകളൊഴിഞ്ഞു. പ്രധാനമന്ത്രിയുടെ സന്ദർശനത്തിനുശേഷം രാത്രിയോടെ കടകൾ തിരികെ സ്ഥാപിക്കാനെത്തിയപ്പോഴാണ് കെ.എസ്.ആർ.ടി.സി ജീവനക്കാർ ഫുട്പാത്തിൽ ബസുകൾ പാർക്ക് ചെയ്തിരിക്കുന്നതായി ശ്രദ്ധയിൽപെട്ടത്.

ബസുകൾ മാറ്റാൻ ആവശ്യപ്പെട്ടെങ്കിലും ഉന്നതാധികാരികൾ നിർദ്ദേശിച്ചതിനാൽ ജീവനക്കാർ ബസുകൾ മാറ്റി സ്ഥാപിക്കാൻ തയ്യാറായില്ല. ഇതിനെതിരെ വഴിയോര കച്ചവടക്കാരുടെ ജീവിത മാർഗം തടസപ്പെടുത്തി പാർക്ക് ചെയ്തിരുന്ന ബസുകൾ നീക്കം ചെയ്യണമെന്ന ആവശ്യവുമായി എ.ഐ.ടി.യു.സിയുടെ നേതൃത്വത്തിൽ ജില്ല വഴിയോര കച്ചവട തൊഴിലാളി യൂണിയനും സേവായൂണിയനും കഴിഞ്ഞ മുപ്പത്തി മൂന്ന് ദിവസമായി സമരത്തിലുമായിരുന്നു. ബസുകൾ എടുത്ത് മാറ്റിയ നടപടിയെ ജില്ലാ വഴിയോര കച്ചവട തൊഴിലാളി യൂണിയൻ (എ.ഐ.ടി.യു.സി) പ്രസിഡന്റ് പി.എസ്. നായിഡു, ജനറൽ സെക്രട്ടറി മൈക്കിൽ ബാസ്റ്റ്യൻ, കോട്ടയ്ക്കകം ഗോപൻ, നേതാക്കളായ കെ.പി. രാജേന്ദ്രൻ, സോളമൻ വെട്ടുകാട് തുടങ്ങിയവർ സ്വാഗതം ചെയ്തു.

സിനിമ

■ന്യൂ (2323244) :: ■SCREEN 1 - ORU ADAAR LOVE (M- 11.15, 2.30),9 (M-6.15, 9.30)
■SCREEN 2 -9 (M-11.15,2.30)
■SCREEN 3 - JUNE (M-11.15,2.30,6.15, 9.30)
■ശ്രീകുമാർ (2331222) :: PETTA (T- 11.15, 2.30) ODIYAN (M- 6.15, 9.30)
■ശ്രീവിശാഖ് (2331222) :: ഇരുപത്തിയൊന്നാംനൂറ്റാണ്ട് (M- 11.15), JUNE (M- 2.30, 6.15, 9.30)
IRUPATHAM NOOTAND (M-9.30)
■ശ്രീപത്മനാഭ (2473999) :: ORU ADAAR LOVE (M- 11.00, 2.30, 6.00, 9.30)
■ദേവിപ്രിയ (2473999) :: DEV (T-11.00, 2.30, 6.00, 9.30)
■അജന്ത (2472825) :: കുംബളങ്ങി നൈറ്റ്സ് (M- 11.30, 2.30, 6.30, 9.45) (T- 11.30, 2.30, 6.30) VANTHA RAJAVATHAAN VARUVEN (T- 9.45)
■കൃഷ്ണ :: GULLY BOY (H-12.00,3.30,7.00, 10.30)
■കലാഭവൻ :: കുംബളങ്ങിനൈറ്റ്സ് (M - 11.15, 2.30, 6.15, 9.30)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: KANTHARAM (M- 11.30) ഞാൻപ്രകാശൻ (M-2.30) DEV (T-6.15, 9.30)
■ശ്രീ (2332747) :: കുംബളങ്ങിനൈറ്റ്സ് (M- 11.15, 2.30, 6.15, 9.30)
■നിള (2332747) :: ഇലകൾ പച്ച, പൂക്കൾ മഞ്ഞ (M - 11.30) വിജയ് സൂപ്പറും പൗർണമിയും (M-2.30) അള്ള് രാമേന്ദ്രൻ (M- 6.15, 9.30)
■ധന്യ (2476773) :: JUNE (M- 11.15, 2.30 ,6.15, 9.30)
■രമ്യ (2476773) :: DEV (T- 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1- ഇരുപത്തിയൊന്നാംനൂറ്റാണ്ട് (M- 8.00pm, 11.30am, 3.00pm, 6.45pm, 10.30 pm)
■Audi 2- KGF (T- 10.20am) പേട്ട (M- 1.20pm, 10.40pm) THACKERAY (H- 4.50pm) ഞാൻപ്രകാശൻ (M- 7.50)
■Audi 3- SIMBA (T- 11.00am) SPIDERMAN : INTO THE SPIDER VERSE (E- 2.00pm) AQUAMAN (E- 4.20pm)
മിഖായേൽ (M- 7.20pm) വിശ്വാസം (T- 10.30pm)
■Audi 4 - CHARLIE CHAPLIN 2 (T- 10.45am, 10.30pm) മിഖായേൽ (M- 1.20pm) പന്ത് (M- 4.40pm)
പ്രാണ (M- 7.45pm)
■Audi 5 - URI (H- 10.30am, 4.30pm, 7.30pm) MANIKARNIKA (H- 1.20pm, 10.30pm)
■Audi 6- വിജയ് സൂപ്പറും പൗർണമിയും (M-10.30, 1.30, 7.30, 10.30pm) KGF (T-4.20pm)
■കുഴക്കൊട്ടം കൃഷ്ണ (2418144) :: ORU ADAAR LOVE(M-9.30) JUNE (M-12.30, 3.00, 6.15)
■വെട്ടാറോഡ് ഹരിശ്രീ (04712755666):: DEV (T- 11.15, 2.30, 6.15, 9.30)
■കഠിനംകുളം ജി ട്രാക്സ് (2757771) :: screen 1 : കായംകുളം കൊച്ചുണ്ണി (M- 11.15, 2.30, 6.15, 9.30)
■screen 2 : 96 (T- 11.30, 2.30, 6.30, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: ഇരുപത്തിയൊന്നാംനൂറ്റാണ്ട് (M- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: ഞാൻ പ്രകാശൻ (M- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ യമുന (2629973):: KGF (T- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: ZERO (H- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: ജനാധിപൻ (M- 11.15, 2.15). ജോസഫ് (M- 6.15, 9.15)
■ആറ്റിങ്ങൽ തപസ്യ (3291113) :: 9 (M- 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920):: DHILLUKU DHUDDU -2 (T- 11.15, 3.00, 6.30, 9.45)
■വർക്കലഎസ്.ആർ (04702602339) :: വിജയ് സൂപ്പറും പൗർണമിയും (M- 11.00, 2.00, 6.30, 9.30)
■വർക്കല വിമല (9895233785) :: KUMBALANGI NIGHTS (M- 11.00, 2.30, 6.30, 9.30)
■വർക്കലസ്റ്റാർ സിനിമ (2602344) :: ORU ADAAR LOVE (M- 11.00, 2.30, 6.15, 9.30)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: പ്രണമ്പ് വില്ലവം (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259):: DEV (T- 11.00, 2.30, 9.30), 9 (M- 6.00)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043):: ORU ADAAR LOVE (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: screen 1 : കുംബളങ്ങിനൈറ്റ്സ് (M-11.0, 2.30, 6.30, 9.30)
■screen 2 : JUNE (M- 11.00, 2.15, 6.15, 9.30)
■പെരിങ്ങമ്മല അശ്വതി (2400394) :: JOSEPH (M- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളിശ്വരി (0471-2200073, 0471-2200174):: ■Audi 1- ഗജനികാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2- ഇബിലീസ് (M-11.00, 2.30, 6.15, 9.30)
■Audi 3- KARWAAN (H-11.00, 2.30, 6.15, 9.30)
■Audi 4- കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5- JUNGA (T- 11.00, 2.30) ഒരുപഴയ ബോംബ് കഥ (M- 6.15, 9.30)
■കളിയിക്കാവിള തമ്പിൻസ് മാക്സ് :: പുലിമുരുകൻ (M-2.30, 6.15)
അച്ഛം എവന്ത് മടമയ്യെ (T- 11.00, 9.15)
■നെയ്യാറ്റിൻകര രുദ്ര :: പഞ്ചവർണതത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1- കുംബളങ്ങിനൈറ്റ്സ് (M- 11.15, 2.30, 6.15, 9.30)
■Tela 2- JUNE (M-11.00, 6.30, 9.45) 9 (M- 2.15)
■പോത്തൻകോട് എച്ച്കെ സിനിമാസ് (0471-2715555, 9447060600):: ORU ADAAR LOVE (M- 11.15, 2.30, 6.15, 9.30)
■വെഞ്ഞാറമൂട് സിന്ധു (9746159088):: ഇരുപത്തിയൊന്നാംനൂറ്റാണ്ട് (M- 11.30, 2.30, 6.30, 9.30)
■കാട്ടാക്കട ജയവിനായക (2290867):: ■screen 1 - ആട് -2 (M-11.00, 2.15, 6.15, 9.15)
■screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചാതൻസ് (M- 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Now show
■പനച്ചമൂട് തമ്പുനലക്ഷ്മി (9895614787) :: DEV (T-11.00, 2.30, 6.30, 9.30)
■പേയാട് എസ്.പി സിനിമ (0471-2289053) :: കുംബളങ്ങിനൈറ്റ്സ് (M- 11.00, 2.30, 6.15, 9.15)
■കല്ലറ ARS (9526906021):: കമ്മാരസംഭവം (M- 2.30, 6.30)
■പടന്താലുമൂട് IMP :: DEV (T-11.00, 2.30, 6.30, 9.30)
■കാട്ടാക്കട സ്വരലയ: (9188628546) :: ■സ്വര - ORU ADAAR LOVE (M-11.00, 2.00, 6.00, 9.00)
■ലയം - DEV (T- 11.15, 2.15, 9.15) 9 (M-6.15)

ഇന്ന്

കിഴക്കേപ്പട്ടം മാങ്കുളം ശ്രീ പരാശക്തി ക്ഷേത്രം : പുനഃപ്രതിഷ്ഠാ വാർഷികവും 48ാം വാർഷികവും 48ാമത് പൂരം മഹോത്സവവും

പേരൂർക്കട ഹോസ്പിറ്റൽ ജംഗ്ഷൻആട്ടോഡ്രൈവേഴ്സുനാട്ടുകാരും ചേർന്ന് നടത്തുന്ന ആറ്റുകാൽപൊങ്കാല മഹോത്സവം

ഇളംപുള്ളിക്കൽ ശ്രീ ധർമ്മശാസ്താക്ഷേത്രം: കുംഭഉത്രം മഹോത്സവം - രണ്ടാം ദിവസം

കുടപ്പനക്കുന്ന പേരാപ്പുര് ദേവീക്ഷേത്രം: മകം മഹോത്സവം - രണ്ടാം ദിവസം

ശ്രീപദ്മനാഭസ്വാമി ക്ഷേത്രം കിഴക്കേനട: സ്വാമി ദുർഗാനന്ദ സരസ്വതിയുടെ രമണവിദ്യാ സത്സംഗം - 6.15ന്

കോട്ടയ്ക്കം അഭേദാശ്രമം: ഭജന -7ന്

വാർഷിക സമ്മേളനം

തിരുവനന്തപുരം: കേരള സ്റ്റേറ്റ് സർവീസ്പെൻഷണേഴ്സ്യൂണിയൻ വലിയതുറ യൂണിറ്റിന്റെ വാർഷിക സമ്മേളനം വലിയതുറ രാജീവ് ഗാന്ധി മെമ്മോറിയൽ സാംസ്കാരിക കേന്ദ്രത്തിൽ നടന്നു. കെ.എസ്.എസ്.പി.യു സംസ്ഥാനകമ്മിറ്റി അംഗം ആർ. തങ്കപ്പൻ ഉദ്ഘാടനം ചെയ്തു. ഡോ. പി.ജെ. മണിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആർ. ശശിധരൻ, എം. സത്യവ്രതൻ, കെ. ഗോപിനാഥൻ, ഷീല റൊസാരിയോ തുടങ്ങിയവർ സംസാരിച്ചു. പുതിയ ഭാരവാഹികളായി ഡോ. പി.ജെ. മണി (പ്രസിഡന്റ്), എസ്. ജോൺ, സി. ബെനറ്റ് (വൈസ് പ്രസിഡന്റുമാർ), എം. എലിസബത്ത് (സെക്രട്ടറി), അന്നമ്മ, തോമസ് (ജോ. സെക്രട്ടറിമാർ), സെബാസ്റ്റ്യൻ (ട്രഷറർ) എന്നിവരെ സമ്മേളനം തിരഞ്ഞെടുത്തു.

നഗരസഭ ബഡ്ജറ്റിൽ പിശകുകൾ നിരവധിയെന്ന് പരാതി

തിരുവനന്തപുരം: സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരുടെ പേരുകൾ ഉൾപെടെ തെറ്റായി അച്ചടിച്ച കരട് ബഡ്ജറ്റാണ് ഇന്നലെ വിതരണം ചെയ്തത്. മാസങ്ങൾക്ക് മുമ്പ് സ്ഥാനമൊഴിഞ്ഞ ചെയർമാൻമാരുടെ പേരുകളാണ് ബഡ്ജറ്റിൽ അച്ചടിച്ചത്. പുതുതായി തിരഞ്ഞെടുത്ത കൗൺസിലർ ശീലാസിന്റെ പേരും ഉൾപെടുത്തിയില്ല. ക്ലാരത വ്യാപകമായി അക്ഷരപിശകുകളും ബഡ്ജറ്റിൽ കടന്നു കൂടി. ബഡ്ജറ്റിനെ ഗൗരവത്തോടെ കാണാതെ പരസ്പരം ഏകോപനമില്ലാതെ തയ്യാറാക്കുന്നതിനാലാണ് നിരവധി തെറ്റുകൾ സംഭവിച്ചതെന്ന് ബി.ജെ.പി നേതാവ് തിരുമല അനിൽ ആരോപിച്ചു.

ടെൻഡർ നോട്ടീസ്

വെള്ളറട സാമൂഹ്യാരോഗ്യ കേന്ദ്രം ലാബിലേക്ക് സെമി ആട്ടോമാറ്റിക് ബയോകെമിസ്ട്രി അനലൈസർ വാങ്ങുന്നതിലേക്ക് അംഗീകൃത ഏജൻസികളിൽനിന്നും ടെൻഡർ ക്ഷണിക്കുന്നു. മാർച്ച് 5-ാം തീയതി 5 മണിക്ക് മുൻപായി സീൽ ചെയ്ത കവറിൽ ടെൻഡർ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടെൻഡർ ഫോമും മെഷീൻ സ്പെസിഫിക്കേഷൻ വിവരങ്ങളും ഓഫീസിൽനിന്നും ലഭിക്കുന്നതാണ്. മാർച്ച് 6-ാം തീയതി 12 p.m.ന് ടെൻഡർ ഓപ്പൺ ചെയ്ത് മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

മെഡിക്കൽ ഓഫീസർ, CHC,
Vellarada, TVM.

കേരള വാട്ടർ അതോറിറ്റി/ ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ്: 129-131/2018-19/EE/PHA. നീതി ആയോഗ്- അമ്പലപ്പുഴ വടക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലും പുറക്കാട് പഞ്ചായത്തിലെ ഇല്ലിച്ചിറ മുതൽ കടത്തുകടവ് വരെയും ഫ്ലൂറൈഡ് ബാധിച്ച വാർഡുകളിൽ ശുദ്ധീകരിച്ച ജലം സപ്ലൈ ചെയ്യുന്ന പ്രവൃത്തി. നിരതദ്രവ്യം: രൂപ 7750 - 25230. ഫോറം വില: രൂപ 700 - 2300. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 05.03.2019, 02.00 p.m. ഫോൺ: 0477 2242372. വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in

എക്സിക്യൂട്ടീവ് എൻജിനീയർ,
KWA-JB-GL-6-664-2018-19 പി.എച്ച് ഡിവിഷൻ, ആലപ്പുഴ.

കേരളാ വാട്ടർ അതോറിറ്റി, പബ്ലിക്ഹെൽത്ത് ഡിവിഷൻ (നോർത്ത്), തിരുവനന്തപുരം.

ഇലക്ട്രോണിക് ദർഘാസ് പരസ്യം

നമ്പർ: പി.എച്ച്.ഡി.എൻ.റ്റി/ഡബി 1 - 18/06 Vol. III തീയതി: 18.02.2019.
ദർഘാസ് നമ്പർ: 106/2018-19, 107/2018-19 & 108/2018-19. പ്രവൃത്തിയുടെ പേര്: തിരുവനന്തപുരം കോർപറേഷന്റെ നിശ്ചേഷപ്രദേശത്തിൽ ഉൾപെടുത്തി മുട്ടട വാർഡിൽ വിവിധ പ്രദേശങ്ങളിൽ ഉയർന്ന വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കലും പൈപ്പുലൈൻ നീട്ടലും, നന്തൻകോട് വാർഡിൽ ജോഹൻദാസ് കോളേജ് ഓഫീസിനടുത്തുള്ള SCIBAC ലെയ്നിലെ നിലവിലെ GI പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, പേരൂർക്കട വാർഡിൽ ദേവി നഗർ എടക്കുളം ക്ഷേത്ര ഭാഗത്തിൽ ജലവിതരണം ചെടുക്കുന്ന പ്രവൃത്തി. അങ്കങ്ങൾ തുക: 13,92,181/- രൂപ, 4,80,988/- രൂപ, 1,82,679/- രൂപ. ദർഘാസ് ഫോറ വില: രൂപ 2,500/-, 1,000/-, 400/-. നിരതദ്രവ്യം യഥാക്രമം: രൂപ 34,900/-, 12,100/-, 4,600/-. ദർഘാസ് ഇലക്ട്രോണിക്കായി സമർപ്പിക്കേണ്ട അവസാന തീയതി: 28.02.2019 ച്ചയ്യ് 3.00 മണി വരെ. ദർഘാസ് തുറന്നു പരിശോധിക്കുന്ന തീയതി: 02.03.2019 ച്ചയ്യ് 3.30 മണി. കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്. തിരിച്ചറിയൽ നമ്പർ: KWA/ PHDN.T/DB18/2006 Vol. III. ഫോൺ: 0471 - 2322798. വെബ്സൈറ്റ് വിലാസം: www.etenders.kerala.gov.in, www.kwa.kerala.gov.in

എക്സിക്യൂട്ടീവ് എൻജിനീയർ,
പി.എച്ച് ഡിവിഷൻ (നോർത്ത്), തിരുവനന്തപുരം.

ദർഘാസ് പരസ്യം

മലയിൻകീഴ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന 2018 - 19 വാർഷിക പദ്ധതിയിലുൾപ്പെട്ട എ.ഇ.എൽ.എസ്.ജി.ഡി നിർവ്വഹണ ഉദ്യോഗസ്ഥരായ വിവിധ പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് അംഗീകൃത വിതരണക്കാർ / ഏജൻസികളിൽനിന്നും ടെൻഡർ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് www.tender.lsgkerala.gov.in എന്ന സൈറ്റ് സന്ദർശിക്കുകയോ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

(ഒപ്പ്) അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി.

കേരള വാട്ടർ അതോറിറ്റി/ ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ്: Re-etender 89/2018-19. പി.എച്ച്. ഡിവിഷന് (നോർത്ത്) കീഴിൽ പാളയം സെക്ഷൻ ഓഫീസ് പരിധിയിൽ ശാസ്തമംഗലം പ്രദേശത്ത് ജലവിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ ഒരു വർഷത്തേക്ക് ചെയ്യുന്ന പ്രവൃത്തി. നിരതദ്രവ്യം: രൂപ 32100/-. ഫോറ വില: രൂപ 2500/-. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി: 26.02.2019, 03.00 p.m. ഫോൺ: 0471 2322798. വെബ്സൈറ്റ്: www.kwa.k